ഉത്തരം

(എ) വെള്ളാങ്ങല്ലൂർ 33 കെ.വി. സബ് സ്റ്റേഷന്റെ എക്വിപ്മെന്റിന്റേയും, യാർഡ് സ്ട്രക്ചറിന്റേയും ഇറക്ഷൻ പൂർത്തിയായി. കൺട്രോൾ റൂമിന്റെയും ലൈൻ ടവറിന്റെയും പണി പുരോഗമിക്കുന്നു. പണികൾ അടിയന്തിരമായി പൂർത്തീകരിച്ച് ഈ സാമ്പത്തിക വർഷം തന്നെ ഉദ്ഘാടനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) അന്നമനട 33 കെ.വി. സബ് സ്റ്റേഷന് ആവശ്യമായ സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ വാങ്ങുന്നതിനുള്ള ഉത്തരവ് 30-1-2006-ൽ ആയിട്ടുണ്ട്. വില നിശ്ചയിച്ച സ്ഥലം ഏറ്റെടുത്ത ശേഷമേ പണി ആരംഭിക്കുവാൻ കഴിയുകയുള്ളു.

പട്ടികജാതി കോളനിയിലേക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ

87 [1209] ശ്രീ. എ. സി. ഷണ്മുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി മേജർ സെക്ഷനിലുള്ള നന്മണ്ട പഞ്ചായത്തിലെ പൊക്കുന്നമലയിലെ പട്ടികജാതി കോളനിയിലേക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ എന്ന് പൂർത്തിയാകുമെന്നും അവർക്ക് എന്ന് വൈദ്യുതി കണക്ഷൻ നൽകുമെന്നും വെളിപ്പെടുത്താമോ ;

(ബി) എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും സംഖ്യ അനുവദിക്കുവാൻ എം.എൽ.എ. കളക്ടർക്ക് നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ കളക്ടറിൽ നിന്നും എന്തെങ്കിലും നിർദ്ദേശം വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കോഴിക്കോട് ജില്ലയിലെ നന്മണ്ട പഞ്ചായത്തിലെ പൊക്കുന്നമല പട്ടികജാതി കോളനി വൈദ്യുതീകരണത്തിനുള്ള നടപടികൾ ആയിട്ടില്ല.

ഈ കോളനിയിലേക്ക് 11 കെ.വി. ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിച്ച് വാട്ടർ സപ്ലൈ കണക്ഷൻ നൽകാനുള്ള പദ്ധതി ഏകദേശം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതി എം.എൽ.എ. സ്റ്റേറ്റ് ഡവലപ്മെന്റ് ഫണ്ടിൽ അനുമതി ലഭിച്ചിട്ട് പി.ഡബ്ല്യു.ഡി-യുടെ ഡബ്ല്യു.എസ്.എസ്. പദ്ധതിയിൽ നടപ്പിലാക്കിയതിനാൽ എം.എൽ.എ.-എസ്.ഡി.എഫ്. പദ്ധതിയിൽ നിന്നും ഒഴിവാക്കുവാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചിരുന്നു.

കോൺക്രീറ്റ് പോസ്റ്റ് സ്ഥാപിക്കണമെന്നുള്ള ആവശ്യം

88 [1210] ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ തിരുവനന്തപുരം ബീച്ച് സെക്ഷൻ അതിർത്തിയിൽപ്പെട്ട 637, 7940 എന്നീ നമ്പർ ഉപഭോക്താവ് തന്റെ വീട്ടിലേക്ക് വൈദ്യുതി കണക്ഷൻ നൽകിയിരുന്ന ലൈനിലെ അപകടാവസ്ഥയിലുള്ള തേക്കിൻകഴ പോസ്റ്റ് മാറ്റി കോൺക്രീറ്റ് പോസ്റ്റ് സ്ഥാപിക്കണമെന്നുള്ള കാര്യം അസിസ്റ്റന്റ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ ; എങ്കിൽ അത് എന്നായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly